**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2034** **01-09-2022 - ൽ മറുപടിയ്ക്ക്**

**അഞ്ചുതെങ്ങ് പോലീസ് സ്റ്റേഷന് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ചിറയിൻകീഴ് താലൂക്കിലെ അഞ്ചുതെങ്ങ് പഞ്ചായത്തിൽ വാടക കെട്ടിടത്തിലാണ് പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത പോലീസ് സ്റ്റേഷന് സ്ഥലം വാങ്ങി ആധുനിക രീതിയിലുള്ള പോലീസ് സ്റ്റേഷൻ നിർമിക്കണമെന്ന നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഞ്ചുതെങ്ങ് പോലീസ് സ്റ്റേഷന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചു വരുന്നു.<br><br>അഞ്ചുതെങ്ങ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ 1984-ൽ പ്രവർത്തനം നിർത്തിയ തിരുവനന്തപുരം നോർത്ത് റീജിയണൽ ഫിഷ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ F(T) 110-ന്റെ കൈവശമുള്ള ചിറയിൻകീഴ് താലൂക്കിൽ അഞ്ചുതെങ്ങ് വില്ലേജിൽ 64 സെന്റ് ഭൂമി അഞ്ചുതെങ്ങ് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് ഉചിതമായ സ്ഥലമായി കണ്ടതിനെ തുടർന്ന് ഈ ഭൂമി പോലീസ് വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ